# ദൈവത്തോടു സംസാരിക്കുക

Giving Light to Our World

## ദൈവത്തോടു സംസാരിക്കുക

ഒരു ഉറ്റ സുഹൃത്തിനോടെന്ന പോലെ ഹൃദയം തുറന്നു ദൈവത്തോടു സംസാരിക്കുന്നതാണ് പ്രാർത്ഥന. നാം എന്താണെന്നു ദൈവത്തെ അറിയിക്കേണ്ടത് അത്യാവശ്യമാണെന്നതല്ല, പകരം ദൈവത്തെ സ്വീകരിക്കുവാൻ നമ്മെ യോഗ്യരാക്കുന്നതിനു വേണ്ടിയാണിത്. പ്രാർത്ഥന ദൈവത്തെ നമ്മുടെ അടുക്കലേക്കു കൊണ്ടുവരുന്നില്ല, എന്നാലത് നമ്മെ ദൈവത്തിങ്കലേക്കു കൊണ്ടെത്തിക്കുന്നു. യേശു ഭൂമിയിലായിരുന്നപ്പോൾ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു. ദിനന്തോറുമുള്ള ആവശ്യങ്ങൾ ദൈവമുമ്പാകെ സമർപ്പിക്കുവാനും തങ്ങളുടെ എല്ലാ ചിന്താകുലങ്ങളും ദൈവത്തിനു ഏല്പിച്ചുകൊടുക്കുവാനും ക്രിസ്തു അവരെ പഠിപ്പിച്ചു. അവരുടെ അഭ്യർത്ഥനകൾ ദൈവം കേൾക്കുമെന്നുള്ള ഉറപ്പു അവർക്കു കൊടുത്തത് നമുക്കും കൂടെ വേണ്ടിയാണ്.

## പ്രാർത്ഥിക്കുവാനുള്ള നമ്മുടെ ആവശ്യം:-

മനുഷ്യരുടെ മദ്ധ്യേ വസിച്ചപ്പോൾ യേശു പലപ്പോഴും പ്രാർത്ഥനയിലായിരുന്നു. നമ്മുടെ ആവശ്യങ്ങളോടും ബലഹീനതയോടും യോജിച്ചവനായി നമ്മുടെ രക്ഷകൻ മാറ്റപ്പെട്ടു. തന്റെ ചുമതല നിറ

വേറ്റണ്ടതിനും പരീക്ഷകളെ നേരിടേണ്ടതിനും വേണ്ടിയുള്ള ശക്തിയുടെ പുതിയ ഉറവക്കായി യേശു നിരന്തരം പിതാവിനോടു അഭയ യാചന കഴിച്ചു കൊണ്ടിരുന്നു. സകലത്തിലും നമ്മുടെ മാതൃക യേശുവാണ്. പാപം ഒഴികെ സകലത്തിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടുകൊണ്ട് നമ്മുടെ ബലഹീനതകൾ തന്റെ മേൽ എടുത്ത നമ്മുടെ സഹോദരനാണ് യേശു. പാപം നിറഞ്ഞ ഈ ലോകത്തിൽ പീഠനങ്ങളും കഷ്ടങ്ങളും അവൻ സഹിച്ചു. അവന്റെ മനുഷത്വത്തിൽ പ്രാർത്ഥന ഒരു അത്യാവശ്യവും അവകാശവും ആയിരുന്നു. പിതാവുമായുള്ള സമ്പർക്കത്തിൽ നിന്ന് ആശ്വാസവും ആനന്ദവും അവൻ കണ്ടെത്തിക്കൊണ്ടിരുന്നു. മാനുഷരക്ഷകനും ദൈവപുത്രനുമായ യേശുവിനു പ്രാർത്ഥനയുടെ ആവശ്യം ഉണ്ടായിരുന്നുവെങ്കിൽ ബലഹീനരും പാപികളും മർത്യരുമായ നമുക്ക് നിരന്തരമായ ശ്രദ്ധയോടു കൂടെയുള്ള പ്രാർത്ഥന എത്ര മാത്രം അത്യാവശ്യമാണ്.

പൂർണ്ണമായ ദൈവീക അനുഗ്രഹങ്ങൾ നമ്മുടെ മേൽ പകരപ്പെടുവാൻ നമ്മുടെ സ്വർഗ്ഗീയ പിതാവ് കാത്തിരിക്കുന്നു. അതിരില്ലാത്ത സ്നേഹത്തിന്റെ ഉറവയിൽ നിന്ന് പാനം ചെയ്യുക എന്നത് നമ്മുടെ അവകാശമാണ്. നമ്മൾ വളരെ കുറച്ചു മാത്രം

പ്രാർത്ഥിക്കുന്നത് ആശ്ചര്യകരമായിരിക്കുന്നു! വീനീതരായ തന്റെ മക്കളിൽ നിന്ന് ആത്മാർത്ഥതയോടെയുള്ള പ്രാർത്ഥന കേൾക്കുവാനും കൈക്കൊള്ളുവാനും ദൈവം ഒരുക്കമായിരിക്കുമ്പോൾ നമ്മുടെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ പകരുവാൻ നാം എത്രമാത്രം വിമുഖത കാണിക്കുന്നു! അതുല്യസ്നേഹത്തിന്റെ മൂർത്തീഭാവമായ ദൈവഹൃദയം മനുഷ്യർക്ക് അവർ ചോദിക്കുകയും ചിന്തിക്കുകയും ചെയ്യുന്നതിലപ്പുറമായി നൽകാൻ കാത്തിരിക്കുമ്പോൾ നിസ്സഹായരും പരീക്ഷയ്ക്ക് അടിമപ്പെട്ടവരുമായ മനുഷ്യർ വിശ്വാസമില്ലാതെയും വളരെ കുറച്ചുമാത്രവും പ്രാർത്ഥിക്കുന്നതുകണ്ട് അവരെകുറിച്ച് സ്വർഗ്ഗീയ ദൂതന്മാർ എന്താണ് ചിന്തിക്കുന്നത്? ദൈവമുമ്പാകെ തലകുമ്പിടുവാൻ ദൂതന്മാർ അത്യധികം ഇഷ്ടപ്പെടുന്നു. ദൈവസാമീപ്യത്തെ അവർ സ്നേഹിക്കുന്നു. ദൈവീകസമ്പർക്കം അവർക്ക് അത്യന്തം സന്തോഷകരമാണ്. എന്നിരുന്നാലും ദൈവത്തിനുമാത്രം നൽകാൻ സാധിക്കുന്നതായി വളരെയധികം ആവശ്യമുള്ള ഭൗമീക മക്കൾ ദൈവാത്മാവിന്റെ പ്രകാശം കൂടാതെയും ദൈവീകസാന്നിധ്യത്തിന്റെ പങ്കാളിത്തം അനുഭവിക്കാതെയും തങ്ങളുടെ ഇഷ്ടപ്രകാരം നടക്കുന്നതിൽ സംതൃപ്തരാകുന്നതായികാണുന്നു.

## വിജയത്തിന്റെ താക്കോൽ:–

പ്രാർത്ഥിക്കുന്നതിൽ വിമുഖത കാണിക്കുന്നവരെ ദുഷ്ടനായവനിൽ നിന്നുള്ള അന്ധകാരം വലയം ചെയ്യുന്നു. ശത്രുവിന്റെ പരീക്ഷകളുടെ അടക്കം പറച്ചിൽ അവരെ പാപത്തിലേക്കു വശീകരിക്കുന്നു. ദൈവം അവർക്കു നൽകിയിരിക്കുന്ന ദിവ്യ അവകാശമായ പ്രാർത്ഥനാ സമയം തക്കത്തിൽ ഉപയോഗിക്കാത്തതുകൊണ്ട് അവർക്കിതു സംഭവിക്കുന്നു. സർവ്വശക്തന്റെ അനന്തമായ നിധികളുടെ ഉറവിടം ഇരിക്കുന്ന സ്വർഗ്ഗീയ മന്ദിരം തുറക്കുന്ന താക്കോലായി വിശ്വാസകരങ്ങളിൽ പ്രാർത്ഥന ആയിരിക്കെ ദൈവത്തിന്റെ പുത്രീ പുത്രന്മാർ എന്തുകൊണ്ട് പ്രാർത്ഥനയിൽ താല്പര്യമില്ലാതെ ഇരിക്കുന്നു? ശ്രദ്ധയോടെ കാത്തിരുന്ന് നിരന്തരമായി പ്രാർത്ഥിക്കുന്നില്ല എങ്കിൽ നാം അശ്രദ്ധരായി തീർന്നുകൊണ്ട് നേരായ പാതയിൽ നിന്ന് വ്യതിചലിച്ചു പോകും. അഭയ യാചനയോടും വിശ്വാസത്തോടും കൂടെയുള്ള പ്രാർത്ഥനയിൽ നിന്ന് പരീക്ഷകളെ നേരിടുവാനാവശ്യമായ കൃപയും ശക്തിയും നാം പ്രാപിക്കാതിരിപ്പാൻ ശത്രു ആയവൻ നമ്മുടെ മുമ്പിൽ സദാസമയവും കൃപാസനത്തിലേക്കുള്ള വഴി തടസ്സപ്പെടുത്തുവാൻ ശ്രമിച്ചുക്കൊണ്ടിരിക്കുന്നു.

നിങ്ങളുടെ അറയിൽ കടന്ന് പ്രാർത്ഥിക്കുക. ദിനന്തോറുമുള്ള വേലയിൽ നിങ്ങൾ ആയിരിക്കുമ്പോഴും നിങ്ങളുടെ ഹൃദയം ദൈവത്തിങ്കലേക്കുയർത്തുക. ഹാനോക്ക് ദൈവത്തോടു കൂടെ നടന്നത് ഇപ്രകാരമാണ്. ഇങ്ങനെയുള്ള നിശബ്ദ പ്രാർത്ഥനകൾ കൃപാസനത്തിൻ മുമ്പാകെ സൗരഭ്യവാസനയായി ഉയർന്നുക്കൊണ്ടിരിക്കും. ഇപ്രകാരം ഹൃദയം ദൈവത്തിൽ സ്ഥിരമായിരിക്കുന്നവരെ കീഴടക്കുവാൻ സാത്താനകയില്ല.

## പ്രാർത്ഥനയുടെ വ്യവസ്ഥകൾ

നമ്മുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുകയും ഉത്തരം തരുകയും ചെയ്യേണ്ടതിന് ചില വ്യവസ്ഥകളുണ്ട്. നമുക്ക് ദൈവസഹായം അത്യാവശ്യമാണെന്നു ഒന്നാമതായി നാം മനസ്സിലാക്കേണ്ടതുണ്ട്. "ദാഹിച്ചിരിക്കുന്നേടത്ത് ഞാൻ വെള്ളവും വരണ്ട നിലത്ത് നീരൊഴുക്കുകളും പകരും" എന്നുള്ളതാണ് ദൈവ വാഗ്ദത്തം (യെശ. 44:3). നീതിക്കു വേണ്ടി വിശന്നു ദാഹിക്കുന്നവരും ദൈവത്തിനു വേണ്ടി കാത്തിരിക്കുന്നവരും തീർച്ചയായും തൃപ്തരായിത്തീരും. ആത്മാവിന്റെ സ്വാധീനത്തിനു വേണ്ടി ഹൃദയം തുറന്നുകൊടുക്കണം, അല്ലാഞ്ഞാൽ അനുഗ്രഹം സ്വീകരിപ്പാനാകയില്ല.

നമ്മുടെ അത്യാവശ്യം നമുക്കു വേണ്ടി അത്യു ച്ചത്തിൽ അഭയയാചന കഴിക്കുന്ന ഒരു വാദമുഖമായിത്തീരണം. ആ വക കാര്യങ്ങൾ നമുക്കു വേണ്ടി ചെയ്തു തരുവാൻ നിരന്തരമായി നമ്മൾ ദൈവത്തെ അന്വേഷിക്കണം. "യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും." സ്വന്തപുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടു കൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ? (മത്തായി 7:7, റോമർ 8:32)

നാം ഹൃദയത്തിൽ പാപം സൂക്ഷിക്കുകയും നമുക്കറിയാവുന്ന ഏതെങ്കിലും പാപത്തിൽ തന്നെ പിടിച്ചു നിൽക്കുകയുമാണെങ്കിൽ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കയില്ല. എന്നാൽ അനുതാപത്തോടു കൂടിയതും ഹൃദയം നുറുങ്ങിയതുമായ പ്രാർത്ഥന സ്വീകരിക്കപ്പെടും. നമുക്കറിയാവുന്ന എല്ലാ തെറ്റുകളും ഉപേക്ഷിക്കപ്പെടുമ്പോൾ നമ്മുടെ പ്രാർത്ഥനക്കുത്തരം ദൈവം തരുമെന്നു നമുക്ക് വിശ്വസിക്കാം. നമ്മുടെ സ്വന്തം ശ്രേഷ്ഠതകളൊന്നും ദൈവമുമ്പാകെ സ്വീകാര്യമാകയില്ല. ക്രിസ്തുവിന്റെ യോഗ്യത മാത്രമാണ് നമ്മെ രക്ഷിക്കുന്നത്. അവന്റെ രക്തമാണ് നമ്മെ ശുദ്ധീകരിക്കുന്നത്. എന്നിരുന്നാലും നാം സ്വീകരിക്കപ്പെടേണ്ടതിനു ചില കാര്യങ്ങൾ നമ്മളും ചെയ്യേണ്ടതുണ്ട്.

പ്രാർത്ഥനയിൽ ഉറ്റിരിക്കുവാനുള്ള മറ്റൊരു ഘടകം വിശ്വാസമാണ്. "ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വാസിക്കേണ്ടതല്ലോ" (എബ്രായർ 11:6)

"അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും" എന്നു യേശു പറഞ്ഞിരിക്കുന്നു (മർക്കൊസ് 11:24) നമ്മൾ കർത്താവിനെ തന്റെ വാക്കിൽ തന്നെ കൈക്കൊള്ളുമോ?

## ദൈവത്തിനു വഹിക്കാനാവാത്തതായി യാതൊന്നുമില്ല:–

നിങ്ങളുടെ ആവശ്യങ്ങൾ, സന്തോഷങ്ങൾ, സന്താപങ്ങൾ, പ്രയാസങ്ങൾ, ഭയങ്ങൾ എന്നിവയെല്ലാം ദൈവമുമ്പാകെ സമർപ്പിക്കുക. നിങ്ങൾക്കൊരിക്കലും ദൈവത്തെ ഭാരപ്പെടുത്തുവാനാകയില്ല; നിങ്ങൾ ദൈവത്തെ ക്ഷീണിപ്പിക്കുകയുമില്ല. നിങ്ങളുടെ തലയിലെ മുടികൾ പോലും എണ്ണിയിരിക്കുന്നവൻ തന്റെ മക്കളുടെ ആവശ്യങ്ങളിൽ താല്പര്യമില്ലാത്തവനാണോ? "കർത്താവ് മഹാകരുണയും മനസ്സലിവും ഉള്ളവനല്ലോ" (യാക്കോബ്

5:11). നമ്മുടെ കഷ്ടപ്പാടുകളും അവയെപ്പറ്റി നാം പറയുന്നതുമെല്ലാം സ്നേഹം നിറഞ്ഞ ആ ഹൃദയ ത്തിൽ തട്ടുന്നുണ്ട്. നിങ്ങളുടെ മനസ്സിനെ അലട്ടുന്ന സകലവും അവങ്കലേക്കു കൊണ്ടുവരിക. സകല ലോകങ്ങളെയും നിയന്ത്രിക്കുകയും സകല ലോക ങ്ങളുടെയും മേൽവാഴുകയും ചെയ്യുന്നവന് താങ്ങാനാവാത്തതായി ഒന്നും തന്നെയില്ല. നമ്മുടെ സമാധാനത്തിനായുള്ള ചെറിയ കാര്യം പോലും ദൈവം ശ്രദ്ധിക്കാതെ ഇരിക്കുന്നില്ല. നമ്മുടെ ജിവിത അദ്ധ്യായത്തിൽ ദൈവത്തിനു കാണാനാ കാതെ ഇരുളടഞ്ഞ യാതൊന്നുമില്ല. ദൈവത്തിനു നേരിടാനാകാതെയുള്ള വൈഷമ്യ ങ്ങളായി നമ്മുടെ ജീവിതത്തിൽ ഒന്നുമില്ല. നമ്മുടെ സ്വർഗ്ഗീയ പിതാവ് ശ്രദ്ധിക്കാതെയും സത്വര നടപടി എടുക്കാതെയും ഇരിക്കുന്നതായി തന്റെ കുഞ്ഞുങ്ങളിൽ ഏറ്റവും ചെറിയവന്റെ മുന്നിൽ പോലും ഒരു കഷ്ടപ്പാട് വന്നു ഭവിക്കുന്നില്ല; ദേഹിയെ വേട്ടയാടുന്ന ചിന്താ കുലങ്ങളൊന്നും തന്നെയില്ല. ദൈവം കേൾക്കാതെ യിരിക്കുന്ന സന്തോഷവാക്കുകളോ ആത്മാർത്ഥ പ്രാർത്ഥനാശബ്ദങ്ങളോ നാവിൽ നിന്നു പുറപ്പെ ടുന്നതുമില്ല. " മനം തകർന്നവരെ അവൻ സൗഖ്യ മാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു" (സങ്കീ. 147:3)

ദൈവം ശ്രദ്ധിക്കുവാനുള്ള മറ്റൊരു വ്യക്തി ലോകത്തിൽ വേറെ ഇല്ല എന്നുള്ള വിധത്തിലും ദൈവപുത്രൻ മരിച്ചത് മറ്റൊരു വ്യക്തിക്കു വേണ്ടി യല്ല എന്നുള്ള രീതിയിലും വ്യക്തവും സമ്പൂർണ്ണ വുമാണ് ഓരോ വ്യക്തിയോടുമുള്ള ദൈവത്തിന്റെ ബന്ധം.

കൂടുതൽ പഠനത്തിന്
mathewcdplakal@gmail.com

GIVING LIGHT TO OUR WORLD

## More on This Topic

Scan the QR code or visit the link below.

www.hopetv.org/glow-peace

Hope CHANNEL DIRECTV Channel 368

## Free Bible Studies



You can also contact us for information about our free Bible study plans and literature.

**www.glowonline.org**